സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള ക്ലീൻ കേരളാ പ്രോജക്ടിന്റെ ഭാഗമായി എല്ലാ നഗര സഭകളിലുംകോർപ്പറേഷനുകളിലും മുനിസിപ്പൽ ലെവൽ കമ്മിറ്റി രൂപീകരിച്ച് പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റുകൾ സ്ഥാപിക്കുകയുണ്ടായി. പ്രോജക്ടിന്റെ ഉദ്ദേശ്യം കേരളം മാലിന്യ മോചിത മേഖലയാക്കുക എന്നതാണ്. ഇതിന്റെ പശ്ചാത്തലത്തിൽ എല്ലാ നഗരസഭകളിലും മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിനും ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നടപ്പിലാക്കുവാനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞു. റസിഡൻഷ്യൽ അസോസിയേഷനുകളിലേയും കുടുംബശ്രീ പ്രവർത്തകരുടെയും സഹായത്തോടെ വാർഡ് തലത്തിൽ ആരോഗ്യ പരിപാലനം നടത്തുന്നതിനോടനുബന്ധിച്ച് ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.ചില നഗരസഭകളിൽ മാലിന്യങ്ങൾ മാറ്റുന്നതിന് 'ഡോർ ടു ഡോർ കളക്ഷൻ' ഏർപ്പാടാക്കിയിട്ടുണ്ട്. കൂടാതെ നഗരസഭാ ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നടത്തിവരുന്നു.

കേരളത്തിൽ അടുത്തിടെ പടർന്നു പിടിച്ച എലിപ്പനി, ഡങ്കിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾ തടയുന്നതിന് ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും യഥാക്രമം 1 ലക്ഷം, 2 ലക്ഷം, 4 ലക്ഷം എന്നിങ്ങനെ തുക ചെലവ് ചെയ്യാൻ അനുവാദം നൽകി. പകർച്ചവ്യാധികളെ തടയാനുള്ള ഊർജ്ജിത ശ്രമത്തിന്റെ ഭാഗമായി എല്ലാ ജില്ലാ പഞ്ചായത്തുകളും 5 ലക്ഷം രൂപ വീതവും, ബ്ലോക്ക് പഞ്ചായത്തുകൾ 3 ലക്ഷം രൂപ വീതവും അവയുടെ പ്ലാൻ ഫണ്ടിൽ വകയിരുത്തി ശുചീകരണ പ്രവർത്തനങ്ങൾ അടക്കമുള്ള പകർച്ചവ്യാധി നിവാരണ പ്രവർത്തനങ്ങൾക്ക് പ്രോജക്ടുകൾ തയ്യാറാക്കി ചെലവഴിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ജനകീയ സമിതികൾ രൂപീകരിച്ച് ആരോഗ്യ വകുപ്പ്, സാമൂഹ്യ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഡങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് സന്നദ്ധ സംഘടനകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏത് തരത്തിലുള്ള സമിതികളും രൂപീകരിക്കാൻ അധികാരമുണ്ട്.

താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ എന്നിവയുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ

*6 [936] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ വികസനത്തിനായി പ്രത്യേകം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) മെഡിക്കൽ കോളേജുകളിലെ രോഗികളുടെ ബാഹുല്യം ഒഴിവാക്കുന്നതിന് താലൂക്ക് ആശുപത്രികൾക്കും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും കൂടുതൽ ഊന്നൽ നൽകുന്നത് സംബന്ധിച്ച് സർക്കാർ സാദ്ധ്യതാപഠനം നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) ഇതേപ്പറ്റി ആലോചിക്കുന്നതാണ്.

വേദനയ്ക്ക് ഫലപ്രദമായ ചികിത്സ

*7 [937] ശ്രീ. എ. പി. അനിൽകുമാർ:
,, ടി. യു. രാധാകൃഷ്ണൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, വർക്കല കഹാർ:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേദനയ്ക്ക് ഫലപ്രദമായ ചികിത്സ നൽകുന്നതിന് ഏതെല്ലാം ഗവൺമെന്റ് ആശുപത്രികളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഈ രംഗത്തെ വിദഗ്ദ്ധ ചികിത്സയ്ക്കുള്ള യോഗ്യതയും പരിശീലനവും സിദ്ധിച്ചിട്ടുള്ള എത്ര ഡോക്ടർമാർ സംസ്ഥാന സർവ്വീസിലുണ്ട്;

(സി) വേദനയ്ക്ക് ചികിത്സ നൽകുന്ന യൂണിറ്റുകൾ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഏർപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സർക്കാർ ആശുപത്രികൾ താഴെ പറയുന്നവയാണ്:

1. ജനറൽ ആശുപത്രി, തിരുവനന്തപുരം
2. ജില്ലാ ആശുപത്രി, കൊല്ലം
3. ഗവൺമെന്റ് ആശുപത്രി, നീണ്ടകര
4. ജില്ലാ ആശുപത്രി, കോഴഞ്ചേരി
5. ജനറൽ ആശുപത്രി, എറണാകുളം
6. ജില്ലാ ആശുപത്രി, തൃശ്ശൂർ
7. ജില്ലാ ആശുപത്രി, പാലക്കാട്
8. ജില്ലാ ആശുപത്രി, മാനന്തവാടി.

ഇവ കൂടാതെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഇതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly